# Deepika
# 30 July 2018
# Ernakulam; Landslide in Idukki; Rain Havoc

ഇടുക്കി ജില്ലയിലെ ഉരുൾപൊട്ടൽ

## എറണാകുളം ജില്ലയിലും കനത്ത നാശം

**കോതയാർ കരകവിഞ്ഞു, വീടുകളും കൃഷിയിടങ്ങളും വെള്ളത്തിലായി**



മുള്ളരിങ്ങാട് വനത്തിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് കോതയാർ കരകവിഞ്ഞ് ഒഴുകിയപ്പോൾ.

**പോത്താനിക്കാട്:** ഇടുക്കി ജില്ലയിലെ തൊമ്മൻകുത്തിലും മുള്ളരിങ്ങാടുമുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് അപ്രതീക്ഷിതമായുണ്ടായ വെള്ളപ്പൊക്കം പല്ലാരിമംഗലം, പൈങ്ങോട്ടൂർ, പോത്താനിക്കാട് പഞ്ചായത്തുകളിൽ കനത്ത നാശം വിതച്ചു. മുള്ളരിങ്ങാട് വനത്തിലുണ്ടായ ഉരുൾപൊട്ടലിൽ കോതയാർ കരകവിഞ്ഞ് പല്ലാരിമംഗലം പഞ്ചായത്തിലെ വള്ളക്കടവ്, കൂറ്റംവേലി, മണിക്കിണർ, വെള്ളാരമറ്റം, കുടമുണ്ട പ്രദേശങ്ങൾ വെള്ളത്തിനടിയിലായി.

കുടമുണ്ട പാലം വെള്ളത്തിനടിയിലായതുമൂലം ഇതുവഴിയുള്ള വാഹന ഗതാഗതം പൂർണമായും സ്തംഭിച്ചു. മണിക്കിണർ പാലത്തിന്റെ കൈവരി പുഴയിലൂടെ ഒഴുകിവന്ന മരത്തടി ഇടിച്ച് പൂർണമായും തകർന്നു. വള്ളക്കടവ്, കൂറ്റംവേലി, വെള്ളാരമറ്റം പ്രദേശങ്ങളിലായി ഇരുപതോളം വീടുകൾ ഇന്നലെ പുലർച്ചെ അഞ്ചോടെ ഭാഗികമായി വെള്ളത്തിനടിയിലായി.

ശക്തമായ വെള്ളപ്പൊക്കത്തിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ വിവിധ കൃഷിയിടങ്ങളിൽ വെള്ളം കയറി നശിച്ചു. ഒന്നാം വാർഡ് മടിയൂർ അങ്കണവാടിയിലും വെള്ളം കയറി.

വെള്ളം കയറിയ വീടുകളും കൃഷി ഭൂമികളും ആന്റണി ജോൺ എംഎൽഎ, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ. മൊയ്തു, ബ്ലോക്ക് പഞ്ചായത്തംഗം ഒ.ഇ. അബ്ബാസ്, വില്ലേജ് ഓഫീസർ കെ.എം. നാസർ, പഞ്ചായത്ത് സെക്രട്ടറി എം.എം. ഷംസുദ്ദീൻ തുടങ്ങിയവർ സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തി. നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിര സഹായം എത്തിക്കണമെന്ന് എംഎൽഎ ഉദ്യോഗസ്ഥർക്ക് നിർദേശം നല്കി.

തൊമ്മൻകുത്ത് വനത്തിലുണ്ടായ ഉരുൾപൊട്ടലിൽ കാളിയാർ പുഴയിലെ ജലനിരപ്പ് ഉയർന്നതു മൂലം പൈങ്ങോട്ടൂർ പഞ്ചായത്തിലെ പരിതപുഴയിൽ വെള്ളം നിറഞ്ഞു പത്തോളം വീടുകളിൽ വെള്ളം കയറി. പോത്താനിക്കാട് പഞ്ചായത്തിലെ പുളിന്താനം പ്രദേശത്ത് ഏക്കർ കണക്കിന് കൃഷി ഭൂമിയിലും വെള്ളം കയറി. വൈകുന്നേരത്തോടെ വെള്ളപ്പൊക്കത്തിന്റെ കാഠിന്യം കുറഞ്ഞു വെള്ളം തിരികെയിറങ്ങി തുടങ്ങിയിട്ടുണ്ട്.